(സി & ഡി) ആന്ധ്രപ്രദേശ്, തമിഴ്നാട്, കാർണ്ണാടക, പോണ്ടിച്ചേരി സർക്കാരുകൾ തറനിരക്ക് കുറെയൊക്കെ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) ഉണ്ട്.

(എഫ്) ഇക്കാര്യത്തിൽ സർക്കാരിന്റെ സാമ്പത്തിക പരിമിതികളിൽ നിന്നു കൊണ്ട് നികുതി നിരക്കുകളിൽ കുറവു വരുത്തുകയും ചില മേഖലയിൽ കാർഷികാദായ നികുതി നിർത്താലാക്കുകയും കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്.

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

21 (*229) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോടി രൂപയുടെ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ഇനത്തിലുള്ള പച്ചക്കറികളാണ് ഉൽപ്പാദിപ്പിച്ചിട്ടുള്ളത് ;

(സി) ഇപ്രകാരം ഉൽപ്പാദിപ്പിക്കപ്പെട്ട പച്ചക്കറികൾ മറ്റു സംസ്ഥാനങ്ങളിൽ വിൽപ്പനയ്ക്കായി അയച്ചിട്ടുണ്ടോ ;

(ഡി) പച്ചക്കറി ഉൽപ്പാദനത്തിന് സംസ്ഥാനം സ്വയം പര്യാപ്തതയിൽ എത്തിയിട്ടുണ്ടോ;

(ഇ) ഹരിത സംഘങ്ങളിലും സ്കൂൾ തോട്ടങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ എന്തു വിലയ്ക്കാണ് സർക്കാരോ മറ്റു ഏജൻസികളോ എടുക്കുന്നത് ;

(എഫ്) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയുമായി ബന്ധപ്പെട്ട് പാം ഇൻഫർമേഷൻ ബ്യൂറോ എന്തു തുകയുടെ പരസ്യം നൽകിയിട്ടുണ്ട് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1080.718 കോടി രൂപയുടെ പച്ചക്കറികൾ അധികമായി ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം II
† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാവൽ, വെള്ളരി, ചീര, പടവലം, കോവയ്ക്ക, വെണ്ടയ്ക്ക,കത്തിരി, വഴുതന, മുളക്, പയർ, കുമ്പളം, മത്തൻ, ചേന, ചുരയ്ക്ക, കാബേജ്, കാരറ്റ്, ബീറ്റ്റൂട്ട്, ബീൻസ്, ചേമ്പ്, ഉരുളക്കിഴങ്ങ് തുടങ്ങി വിവിധയിനം പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) സ്വയംപര്യാപ്തതയോട് അടുത്ത് വരുന്നു.

(ഇ) അതാത് സമയത്തെ നിലവിലുള്ള മാർക്കറ്റ് വിലയുമായി ബന്ധപ്പെടുത്തിയാണ് വില നിശ്ചയിക്കുന്നത്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

ആധുനികവൽക്കരണവും ഉദാരവൽക്കരണവും ഇവയുടെ ഗുണങ്ങളും ദോഷങ്ങളും

22 (*230) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനികവൽക്കരണം, ഉദാരവൽക്കരണം എന്നിവമൂലം സംസ്ഥാനത്തെ കൃഷി മേഖലയ്ക്ക് എന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 'ഉദാരവൽക്കരണം' ആധുനികവൽക്കരണം എന്നിവകൊണ്ട് ഉണ്ടായിട്ടുള്ള ന്യൂനതകൾ ഏവ ;

(സി) ഈ ന്യൂനതകളെ നേരിടുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാന കാർഷിക മേഖലയ്ക്ക് യാതൊരു ഗുണവുമുണ്ടായിട്ടില്ല.

(ബി & സി) കേന്ദ്ര സർക്കാരിന്റെ ആധുനികവൽക്കരണം, ഉദാരവൽക്കരണം എന്നിവമൂലം സംസ്ഥാന കാർഷിക മേഖല കടുത്ത പ്രതിസന്ധിയെ നേരിടുകയാണ്. കേന്ദ്ര സർക്കാരിന്റെ 'ഉദാരവൽക്കരണം'മൂലം കാർഷികോല്പന്നങ്ങൾ ഉദാരമായി ഇറക്കുമതി ചെയ്യുന്നു. ആയതിനാൽ നമ്മുടെ കാർഷികോല്പന്നങ്ങളുടെ വിലയിൽ വലിയ തോതിൽ തകർച്ച അനുഭവപ്പെടുന്നു. നമ്മുടെ ഉല്പന്നങ്ങൾക്ക് ഡിമാന്റ് കുറയുന്നു.

കേരളത്തിലുല്പാദിപ്പിക്കുന്ന പ്രധാന കാർഷികോല്പന്നങ്ങളായ റബ്ബർ, നാളികേരം, നെല്ല് എന്നിവയെ വിലത്തകർച്ചയിൽ നിന്ന് സംസ്ഥാന സർക്കാരിന് ആകുന്ന വിധത്തിലെല്ലാം രക്ഷിക്കുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടു വരുന്നു. റബ്ബർ, സംഭരണം, റബ്ബർ കയറ്റുമതി, റബ്ബർ അധിഷ്ഠിത

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)
Refrigerators	15	16	20	16FP/LP	12
Category - V					
(a) Floor Rate pf 20%					
Motor spirit including aviation turbine fuel	22	30.55	24	37	12
Liquor	115	70	50/70	85	35/40
Narcotics	20	20	11	85	20
Molasses	20	20	30	12	20
Rectified spirit	20	20	12	20	20
(b) Floor Rate of 1%					
Bullion	1	1	1	1	1
Gold articles	2	1	4	4	Ex
Precious stones including	2	1	4	1	3
Synthetic gems	12	12	Ex	8	3
Silver articles	2	1	4	4	Ex
Ex = Exempt					
FP = First Point					
LP = Last Point					
MP = Multi Point					
V = VAT					

അനുബന്ധം III

2-3-2001-ലെ 21 (*229)-ാം നമ്പർ ചോദ്യം കാണുക

ജില്ല	ഉല്പാദനം (കോടി രൂപയിൽ)
തിരുവനന്തപുരം	723.59
കൊല്ലം	441.77
പത്തനംതിട്ട	278.29
ആലപ്പുഴ	620.34
കോട്ടയം	574.22
ഇടുക്കി	446.70

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	642.86
തൃശ്ശൂർ	861.45
പാലക്കാട്	981.18
മലപ്പുറം	662.71
കോഴിക്കോട്	423.97
വയനാട്	308.69
കണ്ണൂർ	575.97
കാസർഗോഡ്	200.25
ആകെ	774.201
പ്ലാന്റേഷൻ കോർപ്പറേഷൻ	0.194
കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി	0.168
കേരള ഹോർട്ടികൾച്ചർ ഡെവലപ്പ്മെന്റ് പ്രോഗ്രാം	302.373
സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ	0.841
ഓയിൽ പാം ഇൻഡ്യ	0.3693
ഹോർട്ടി കോർപ്പ്	2.572
ആകെ	1080.718

അനുബന്ധം IV

2-3-2001-ലെ 45 (1339)-ാം നമ്പർ ചോദ്യം കാണുക

വർഷം	വർക്കുകൾ				
	കെട്ടിടങ്ങൾ	മണ്ണ് സംരക്ഷണം	ചെറുകിട ജലസേചനം	വില്ലേജ് റോഡ്	മൊത്തം
1998-99	3	5	4	4	16
1999-2000	6	8	4	6	24
2000-2001	3	18	6	4	31

LIBRARY ARCHIVES Kerala Legislative Assembly